# ടി കെ സി വടുതല ജന്മശതാബ്ദി സെമിനാർ



**ടി കെ സി വടുതല ജന്മശതാബ്ദി ആഘോഷ സെമിനാർ ചിറ്റൂർ ഗവ. കോളേജിൽ സാഹിത്യകാരൻ മുണ്ടൂർ സേതുമാധവൻ ഉദ്ഘാടനം ചെയ്യുന്നു**

**ചിറ്റൂർ**

ചിറ്റൂർ ഗവ. കോളേജ് മലയാളം വിഭാഗവും കേന്ദ്ര സാഹിത്യ അക്കാദമിയും ചേർന്ന് സംഘടിപ്പിച്ച ടി കെ സി വടുതല ജന്മശതാബ്ദി ആഘോഷ സെമിനാർ മുണ്ടൂർ സേതുമാധവൻ ഉദ്ഘാടനം ചെയ്തു. ചെറുകഥാകൃത്ത് എം രാജീവ്കുമാർ മുഖ്യപ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ വി കെ അനുരാധ അധ്യക്ഷയായി. മലയാളവിഭാഗം മേധാവി ടി ശ്രീവത്സൻ, ചന്ദ്രഹാസൻ വടുതല, ശരത് ബാബു തച്ചമ്പാറ, സാഹിത്യ അക്കാദമി മലയാളം ഉപദേശക സമിതിയംഗം എൽ വി ഹരികുമാർ, വി ആർ അഞ്ജന എന്നിവർ സംസാരിച്ചു.

തുടർന്നു നടന്ന സെമിനാറിൽ വിമോചനാശയങ്ങളും ടി കെ സി വടുതലയുടെ സാഹിത്യവും എന്ന വിഷയത്തിൽ ഡോ. സി ഗണേഷ്, വടുതലയുടെ ജീവിത നിരീക്ഷണം കഥകളിൽ എന്ന വിഷയത്തിൽ സുധീർ പരമേശ്വരൻ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. അധ്യാപിക കെ മഞ്ജു അധ്യക്ഷയായി. സി എസ് സജീഷ് സംസാരിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സെമിനാറിൽ മലയാള ചെറുകഥയിലെ തദ്ദേശ ജനശബ്ദം വടുതല കഥകളിൽ എന്ന വിഷയം എം ബി മനോജ്, സമൂഹബന്ധവും വടുതലയുടെ രചനകളും എന്ന വിഷയം പ്രസാദ് കാക്കശേരി എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. മലയാള വിഭാഗം അധ്യാപിക കെ ശ്രീപ്രിയ അധ്യക്ഷയായി. കെ ആർ സരിത, യു കൃഷ്ണാഞ്ജലി എന്നിവർ സംസാരിച്ചു.